

# യായേൽ (Jael, the stealthy heroine)

## Judges(4:17-22)

യിസ്രായേലിന്റെ കഠിനഹൃദയവും, ദൈവത്തിൽ നിന്നുള്ള അകൽച്ചയുമാണ് യഹോവ അവരെ വിൽക്കുവാൻ കാരണമായത്. കനാന്യരാജാവായ യാബീന്റെ ധീരനായ സേനാധിപതിയായിരുന്നു സീസെര. അവർ അന്ന് യുദ്ധതന്ത്രത്തിൽ ശക്തരായിരുന്നു. എങ്കിലും ദൈവം തന്റെ ദൂതുമായി എഴുന്നേൽപിച്ച ദെബോരയുടെയും, ബാരാക്കിന്റെയും ശക്തിയുടെ മുൻപിൽ പിടിച്ചു നിൽക്കുവാൻ കഴിഞ്ഞില്ല.തന്റെ സൈന്യത്തിന്റെ ഭയാനകമായ പരാജയം കണ്ട് ഓടിയ സേനാപതി യായേലിന്റെ കൂടാരത്തിലാണ് എത്തിയത് . അവൾ ദെബോരയിലൂടെ യഹോവ നടത്തിയ പ്രവചനം അന്വർത്ഥമാക്കി. ഈ കഥാനായികയുടെ ജീവിതത്തിലൂടെ നമുക്ക് ഒന്ന് സഞ്ചരിക്കാം, ഗുണങ്ങൾ കണ്ടെത്താം.

**1. സത്യം സ്വതന്ത്രയാക്കിയ സ്ത്രീ.**

യായേലും , ഭർത്താവായ ഹേബേരിന്റെ ഗൃഹവും കനാന്യ രാജാവിനോട് സാമാധാനത്തിൽ കഴിഞ്ഞവരായിരുന്നു. എന്നാൽ ദെബോരെയുടെ പ്രവചനം ഹൃദയത്തിൽ സ്വീകരിച്ച യായേലും കുടുംബവും ദൈവജനമായ യിസ്രായേലിനോട് ശത്രുതയുള്ളവരുമായുള്ള ബന്ധം വിച്ഛേദിച്ചു.

ദൈവവചനത്തിലെ സത്യങ്ങൾ അറിഞ്ഞിട്ടും ലാഭേച്ഛ കൊതിക്കുന്ന പലരും ശത്രുവായ സാത്താനുമായുള്ള ബന്ധം വിച്ഛേദിക്കുന്നില്ല. സത്യം അനുസരിക്കാത്തവർ സാത്താനോട് ചേർന്ന് ജീവിതം ആസ്വദിക്കുന്നു. അവന്റെ തന്ത്രങ്ങൾ അവരെ കുടുക്കുന്നു. കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്രം ഉണ്ട്. ആ സ്വാതന്ത്രം പ്രാപിപ്പാൻ ഒരുങ്ങുക.

**2. അദ്ധ്വാനശീലമുള്ളവൾ ആയിരുന്നു.**

ഇവർ കൂടാരവാസികളായിരുന്നു. ആ കാലത്ത് കൂടാരനിർമ്മാണം സ്ത്രീകളുടെ തൊഴിലായിരുന്നു.അതിന്റെ കുറ്റിയും,കയറും മറ്റു സാമഗ്രികളും അവർ തന്നെ ഉണ്ടാക്കി. അതുകൊണ്ടാണ് വിദഗ്ദമായി അതുകൈകാര്യം ചെയ്യുവാൻ യായേലിനു കഴിഞ്ഞത്.

ലോകത്തെ വെറുത്ത് നിത്യത ആഗ്രഹിക്കുന്നവർക്കേ നാം അന്യരും, പരദേശികളും, കൂടാരവാസികളും എന്ന് ചിന്തിപ്പാൻ കഴിയുകയുള്ളൂ. ലോകമനുഷ്യർ കൈപ്പണിയല്ലാത്ത നിത്യഭവനത്തിനായി അദ്ധ്വാനിക്കാതെ സാത്താന്റെ ചൊൽപ്പടിയിൽ കഴിയുന്നു.

**3. യിസ്രായേലിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്ന വനിത**

പ്രവർത്തിപ്പാനാഗ്രഹിക്കുന്നവർക്ക് വഴി ഒരുക്കുന്നവനാണ് ദൈവം.

"GOD doesn't begin by asking us about our ability but only our availability. And if we then prove our dependability He will increase our capability"

Neal A Maxwell

യായേലിന്റെ പ്രവർത്തിക്കനുസരിച്ചല്ല അവളുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. ദൈവജനത്തെ രക്ഷിപ്പാൻ ദൈവം തിരഞ്ഞെടുത്തവളാകയാലാണ് അവൾക്ക് യിസ്രായേലിന്റെ രക്ഷയ്ക്കായി പ്രവർത്തിപ്പാനുള്ള ധൈര്യം ലഭിച്ചത്. ദൈവം തന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ സാധാരണക്കാരെ തിരഞ്ഞെടുക്കും എന്ന് മനസ്സിലാക്കി സ്തോത്രം ചെയ്യാം. ദെബോര അവളെ വർണ്ണിക്കുന്നത് "നാരീജനത്തിൽ അനുഗ്രഹം ലഭിച്ചവൾ" എന്നാണ്.(ന്യായാ:5:24)

**<u>4.ആദിത്യമര്യാദയുള്ള സ്ത്രീ</u>**

"പിറുപിറുപ്പു കൂടാതെ തമ്മിൽ അതിഥി സൽക്കാരം ആചരിപ്പിൻ"എന്ന് **1തിമെ:(4:9)**ൽ കാണുന്നു. ആതിഥ്യ മര്യാദയുള്ള യായേൽ ദാഹജലം ചോദിച്ച സേനാപതിക്ക് പാൽ തുരുത്തി തുറന്ന് പാലാണ് കുടിക്കുവാൻ കൊടുത്തത്.



“രാജകീയ പാത്രത്തിൽ അവൾ ക്ഷീരം കൊടുത്തു” എന്ന് ന്യായാ:(5:25)ൽ കാണുന്നു.

രാജാധിരാജാവായ കർത്താവിന്റെ രാജകീയ പാത്രങ്ങൾ അഥവാ വിശുദ്ധപാത്രങ്ങളാണ് നാം. ഇപ്രകാരമുള്ള പാത്രങ്ങൾ യജമാനനാൽ സംരക്ഷിക്കപ്പെടുന്നതും വിലയേറിയതുമാണ്. ഈ പാത്രത്തിൽ ശുദ്ധമായ പാൽ (ദൈവവചനം)നിരന്തരം സൂക്ഷിക്കുന്നത്. മണവാട്ടി(ക്രിസ്തുവിന്റെ )യ്ക്ക് ധൈര്യവും ശക്തിയും നൽകുന്നു, പിശാചിന്റെ ശക്തി ക്ഷയിപ്പിക്കുകയും ചെയ്യുന്നു.

**(5)ശത്രുവിന്റെ തന്ത്രത്തെ തോല്പിച്ച സ്ത്രീ**

ഉറക്കത്തിലേക്ക് വീഴും മുൻപേ കൂടാര വാതിൽക്കൽ തന്റെ കാവൽക്കാരി ആയി നിൽക്കുവാനാവശ്യപ്പെട്ടു. കൂടാതെ, തന്നെ അന്വേഷിച്ച് ആരെങ്കിലും വന്നാൽ അവിടെയില്ല എന്ന വ്യാജം പറയുവാനും നിർബന്ധിച്ചു. ‘വ്യാജം പറയാതെ നിന്റെ അധരത്തെ കാത്തുകൊള്ളുക’ (സങ്കീ:34:13)

ശത്രു, ക്രിസ്തുവിന്റെ കാന്തയെ കാവൽക്കാരിയാക്കി മാറ്റുവാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നു. കൂടാതെ വ്യാജം പറയുന്നവരാക്കുവാനും ശ്രമിക്കുന്നതിനാൽ നാം വളരെ സൂക്ഷിക്കേണ്ടതാണ്.

6. **ശത്രുവിനെ തകർത്ത ധീര വനിത**

ശത്രുവിനെ ഭയക്കാതെ പാൽ കുടിച്ച് ഗാഢ നിദ്രയിലായവനെ കൂടാരക്കുറ്റി ചെന്നിയിലേക്ക് അടിച്ചു കയറ്റി ചലിക്കാത്ത വിധത്തിലാക്കുവാൻ അവൾക്ക് കഴിഞ്ഞു. (ന്യായാ:5:26)

വലിയവനായ ദൈവത്തിന്റെ ശുശ്രൂഷക്കാരായ നാം അവന്റെ കൂട്ടുവേലക്കാരാണ്. യായേൽ "പണിക്കാരുടെ ചുറ്റികയ്ക്ക് കൈനീട്ടി" - ന്യായാ:(5:26). ദൈവത്തിന്റെ കൂട്ടുവേലക്കാരുടെ ചുറ്റിക ദൈവവചനമാണ്. അത് ശത്രുവിന്റെ തലയെ തകർക്കുന്നു. യായേലിനെ സ്വർഗ്ഗം കരങ്ങളിൽ ചലിപ്പിച്ചെങ്കിൽ ഇന്നും ദൈവസന്നിധിയിൽ താഴുന്നവരെ കരത്തിലേന്തി വലിയ പ്രവർത്തികൾ ചെയ്യിപ്പാൻ ദൈവത്തിനു കഴിയും. അതിനായി ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind